**25/06/2021 ൽ ബഹു. മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ മീറ്റിംഗ് മിനുട്സ്.**

18/06/2021-ൽ കൂടിയ റവന്യൂ മീറ്റിംഗിൽ കഴിഞ്ഞ യോഗത്തിൽ സമർപ്പിച്ചിരുന്ന 6 സബ് കമ്മിറ്റികളുടെ റിപ്പോർട്ട് വിശദമായി തന്നെ യോഗം ചർച്ച ചെയ്തു.

മീറ്റിംഗ് തീരുമാനങ്ങൾ

1. എല്ലാ മാസവും ഒന്നാം തീയതി തന്നെ DCB Generate ചെയ്ത് Monthly Accounts ൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. മാസവസാനത്തിനു ശേഷം വരുന്ന മുൻമാസ പോസ്റ്റ് ഓഫീസ്, അക്ഷയ സെന്ററുകൾ, failed online remittance എന്നിവ വഴി വരുന്ന കളക്ഷനുകൾ ഉപഭോക്താകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ അടുത്ത മാസത്തെ കളക്ഷനിൽ ഉൾപെടുത്തുവാനും, ഇങ്ങനെ ഉൾപെടുത്തുമ്പോൾ ഉപഭോക്താക്കൾക്ക് എന്തെങ്കിലും ഫൈൻ വന്നാൽ അത് ഒഴിവാക്കി നൽകുന്നതിനും DBA യെ ചുമതലപെടുത്തി. ഈ തീരുമാനങ്ങൾ 2021 ജൂലായ് മാസം ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. എല്ലാ ഡിവിഷനുകളും അടുത്ത മാസം ഒന്നാം തീയതി മുതൽ DCB ജനറേറ്റ് ചെയ്തു ആയത് ഹെഡ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഈ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്ന കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് ശ്രീ.ജോൺസൺ വി ജോർജ്ജ് R O പി എച്ച് ഡിവിഷൻ കൊച്ചിയെ ചുമതലപ്പെടുത്തി. ഇതിന്റെ പുരോഗതി അടുത്ത മീറ്റിങ്ങിൽ അദ്ദേഹം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. വാട്ടർ അതോറിറ്റിയിലെ സാധാരണ ഉപഭോക്താക്കളെ പോലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് (പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ) UID നൽകുവാൻ തീരുമാനിച്ചു. ഈ നമ്പരുകൾ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുടാപ്പുകളുടെയും ബൾക്ക് കണക്ഷനുകളുടെയും വെള്ളക്കരം e-അബാക്കസ് മുഖേന അടക്കാവുന്നതാണ്. ഇത് നടപാക്കുന്നതിനു വേണ്ടി DBAയെ ചുമതലപെടുത്തി. e -അബാക്കസിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് കമ്മറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ DBA, അബാക്കസ് REVAMPING PROGRAMMERS എന്നിവർക്ക് നൽകുന്നതിനും, ഈവക കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും ശ്രീമതി. സൈബിയ RO, പി എച്ച് ഡിവിഷൻ ആലപ്പുഴയെ ചുമതലപെടുത്തി. 15//07/2021 മുൻപ് തന്നെ ഇതിൻറെ പ്രവർത്തനങ്ങൾ പൂർത്തികരിക്കേണ്ടതാണ്.
3. നിലവിലുള്ള എല്ലാ കണക്ഷനുകളും കാറ്റഗറി തിരിച്ച് മാർക്ക് ചെയ്യണമെന്നും, ഇനിയും മാർക്ക് ചെയ്യുവാനുള്ള സർക്കാർ സ്ഥാപനങ്ങളുടെ കണക്ഷനുകൾ 31/07/2021 നകം മാർക്ക് ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ എല്ലാ RO മാരെയും ചുമതലപ്പെടുത്തി. ഹോട്ടലുകൾ, ആശുപത്രികൾ എന്നിവ പോലുള്ള സ്ഥാപനങ്ങൾ ഗ്രേഡ് (പദവി ) അനുസരിച്ച് പ്രത്യേകം മാർക്ക് ചെയ്യുവാനുള്ള ഓപ്ഷൻ അബക്കസിൽ ഉൾപെടുത്തുവാൻ DBA യെ ചുമതലപെടുത്തി. ഈ പ്രവർത്തനങ്ങൾ ജൂലൈ 10 ന് മുൻപ് പൂർത്തിയാക്കേണ്ടാതാണ്.
4. കൊച്ചി റീജിയണിലെ കീഴിൽ ഇപ്പോൾ നടന്നുവരുന്ന ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് ഉടനെ തന്നെ രൂപീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ഓപ്പറേഷൻ വിങ്ങിന്റെ

Draft #3 of File KWA/HO/RMC/R1/670/2021 Approved by Managing Director on 28-Jun-2021 06:12 PM - Page 1

പരിഗണനയിൽ ആണ്. ഈ സെക്ഷനുമായി ബന്ധപെട്ട 2 ആഴ്ച്ചക്കുള്ളിൽ ഇതിൻറെ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനുവേണ്ട ശുപാർശകൾ ഓപ്പറേഷൻ വിഭാഗത്തിന് നൽകി നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി ശ്രീ. രാകേഷ് കുമാർ, RO, പി എച് ഡിവിഷൻ കൊല്ലത്തിനെ ചുമതലപെടുത്തി.

5. സ്മാർട്ട് ഫോൺ മുഖേന റീഡിങ് എടുക്കുമ്പോൾ ഫീൽഡിലെ ആവശ്യങ്ങൾ എന്താണെന്നു കണ്ടെത്തി, അതോടൊപ്പം കമ്മറ്റി സമർപ്പിച്ച നിർദ്ദേശങ്ങളും കൂടി ഉൾകൊള്ളിച്ചു ഇക്കാര്യത്തിൽ വരുത്തേണ്ട മാറ്റങ്ങൾ DBA യെ അറിയിച്ചു പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ശ്രീ.വിൻസന്റ് RO പിഎച്ച് ഡിവിഷൻ സൗത്ത് തിരുവനന്തപുരത്തിനെ ചുമതലപെടുത്തി. ഇക്കാര്യങ്ങൾ ജൂലൈ 2 ആം തീയതിക്ക് മുൻപായി പൂർത്തിയാക്കേണ്ടാതാണ്.
6. UNIDENTIFIED കണക്ഷനുകളുടെ കുടിശ്ശികത്തുക e-അബാക്കസിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി ആരംഭിച്ച INTERNAL ADALATH നടപടികൾ കോവിഡ് വ്യാപനം മൂലം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഇതുമൂലം DCB യിൽ വളരെ ഉയർന്ന തുക ബാലൻസായി നിലനിൽക്കുന്നു. INTERNAL ADALATH നടപടികൾ പൂർത്തിയാക്കുന്നതിനു സമയം ദീർഘിപ്പിച്ച് നൽകണമെന്ന ഭൂരിഭാഗം RO മാരുടെയും അഭ്യർത്ഥന പരിഗണിച്ചു INTERNAL ADALATH 31/08/2021 നുള്ളിൽ പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു. ഇതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടത്തുവാൻ എല്ലാ RO മാരെയും ചുമതലപ്പെടുത്തി. ഇതിന്റെ പുരോഗതി വരുന്ന റവന്യൂ മീറ്റിങ്ങിങ്ങുകളിൽ RO മാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
7. പുതിയ മീറ്റർ പോളിസിയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കമ്മറ്റി സമർപ്പിച്ച നിർദ്ദേശങ്ങളും കഴിഞ്ഞ റവന്യൂ മീറ്റിങ്ങിൽ ഇത് സംബന്ധിച്ച് നടത്തിയ ചർച്ചകളുടെ തീരുമാനങ്ങളും കൂടി ഉൾക്കൊള്ളിച്ച റിപ്പോർട്ട് ഓപ്പറേഷൻ വിഭാഗത്തിന് നൽകുന്നതിനും, ഓപ്പറേഷൻ വിഭാഗവുമായി ചേർന്ന് ഇത് നടപ്പിലാക്കുന്നതിന് RMC യിലെ SS ശ്രീ.വി.ജി.ജോസഫിനെ ചുമതലപ്പെടുത്തി. 31/07/2021ന് മുൻപായി ഇത് പൂർത്തിയാക്കേണ്ടതാണ്.
8. ഇ-അബക്കസിൽ നിന്നും സബ് ഡിവിഷൻ/ഡിവിഷൻ തിരിച്ചുള്ള CONSUMPTION WISE ലിസ്റ്റ് ലഭിച്ചാൽ കൂടുതൽ ഉപഭോഗം ഉള്ള ഉപഭോക്താക്കളെ പ്രേത്യേകം ശ്രദ്ധിക്കുന്നതിനു സാധിക്കുമെന്ന അഭിപ്രായം വന്നതിനാൽ ഇത് സംബന്ധിച്ച ഡേറ്റ ലഭ്യമാക്കുന്നതിനും, DISCONNECTED കണക്ഷനുകളിലെ കുടിശിക, DISCONNECTED കണക്ഷനുകളിൽ RR നടപടികൾ സ്വീകരിച്ച കണക്ഷനുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ കൂടി e-അബാക്കസിൽ ഉൾപ്പെടുത്തുന്നതിന് DBA യുമായി സഹകരിച്ചു നടപ്പിൽ വരുത്തുന്നതിന് പാലക്കാട് RO ശ്രീ.O. പ്രകാശിനെ ചുമതലപ്പെടുത്തി. ടി നടപടികൾ 31/07/2021 ന് മുൻപായി പൂർത്തിയാക്കേണ്ടതാണ്.
9. കാസർകോട് ഡിവിഷനിലെ RO/DAO യുടെ ചാർജ്ജുള്ള JS/HC ഇന്നു നടന്ന റവന്യൂ മീറ്റിംഗിൽ പങ്കെടുക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് നല്കാൻ RMC, AO യെ ചുമതലപ്പെടുത്തി
10. വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന 75% വരുമാനവും 13.6% വൻകിട ഉപഭോക്താക്കളിൽ ആണ്. ഈ ഉപഭോക്താക്കൾ നൽകേണ്ട കുടിശിക തുക വരുന്ന ഡിസംബർ മാസത്തിനുള്ളിൽ തന്നെ നിർബന്ധമായും പിരിച്ചെടുക്കേണ്ടതാണ്. ഇത് അതാത് ഡിവിഷനിലെ RO മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
11. ലിറ്ററിന് ഒരു പൈസ താരിഫിൽ വർദ്ധിപ്പിച്ചാലുണ്ടാകുന്ന വ്യത്യാസം ഉൾക്കൊള്ളിച്ച് ഒരു പ്രസന്റേഷൻ അടുത്ത മീറ്റിംഗിൽ തയ്യാറാക്കി സമർപ്പിക്കുവാൻ ശ്രീമതി. സൗമ്യ ഡെപ്യൂട്ടി അക്കൌണ്ട്സ് മാനേജരെ ചുമതലപ്പെടുത്തി.

Draft #3 of File KWA/HO/RMC/R1/670/2021 Approved by Managing Director on 28-Jun-2021 06:12 PM - Page 2

12. ഗവണ്മെന്റ് കണക്ഷനുകളിലെ കുടിശിക, INTERNAL ADALATH ൽ തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം, അബാക്കസിൽ ഇനിയും ചേർക്കാനുള്ള ഫോൺ നമ്പരുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ RO മാർ റിപ്പോർട്ട് ചെയ്തു. 35 % ത്തോളം ഫോൺ നമ്പറുകൾ ഇനിയും അബാക്കസിൽ ചേർക്കാനുണ്ട് ഇത് 31/07/2021 ന് മുൻപായി പൂർത്തിയാക്കുവാൻ എല്ലാ RO മാരെയും ചുമതലപ്പെടുത്തി. ഗവണ്മെന്റ് കണക്ഷനുകളിലെ കുടിശിക കഴിയുന്നത്ര OTS നൽകി പിരിച്ചെടുക്കുന്നതിനും RO മാരെ ചുമതലപ്പെടുത്തി.

അടുത്ത മീറ്റിങ് മുതൽ ചർച്ച കാര്യമാത്ര പ്രസക്തമാക്കണമെന്നും ഒരു മണിക്കൂർ കൊണ്ട് തീരുമാനങ്ങൾ എടുത്തു മീറ്റിങ് പൂർത്തിയാക്കണമെന്നും തീരുമാനിച്ചു. മീറ്റിങ് 6.20 ന് സമാപിച്ചു.

യോഗത്തിൽ പങ്കെടുത്തവർ.

1.ശ്രീ.V. ഷിജിത്ത് FM&CAO
2. ശ്രീമതി .സൗമ്യ ഡെപ്യൂട്ടി അക്കൌണ്ട്സ് മാനേജർ
3. ശ്രീ. സുബാഷ് കുമാർ AO,ആർ എം സി
4.ശ്രീ ജോൺസൺ. വി. ജോർജ്ജ് RO, പി എച്ച് ഡിവിഷൻ കൊച്ചി
5.ശ്രീ. മധുസൂദനൻ RO, വാട്ടർ സപ്ലൈ ഡിവിഷൻ കൊച്ചി
6. ശ്രീ. വേണു RO,PH ഡിവിഷൻ കോഴിക്കോട്
7.ശ്രീ.K.V. കുഞ്ഞിരാമൻ, RO വാട്ടർ സപ്ലൈ ഡിവിഷൻ തളിപ്പറമ്പ്
8. ശ്രീ. കൃഷ്ണ കുമാർ RO,PH ഡിവിഷൻ കോട്ടയം
9.ശ്രീ.O. പ്രകാശ് പി എച്ച് ഡി വിഷൻ പാലക്കാട്
10.ശ്രീ. പ്രേമാനന്ദൻ RO,PH ഡിവിഷൻ ഷൊർണൂർ
11.ശ്രീമതി. അസുന്ധ RO,പി എച്ച് ഡിവിഷൻ നോർത്ത് തിരുവനന്തപുരം
12. ശ്രീ. വിൻസന്റ് RO,PH ഡിവിഷൻ സൗത്ത് തിരുവനന്തപുരം
13. ശ്രീമതി. പത്മജ സി മേനോൻ RO,PH ഡിവിഷൻ ആലുവ
14. ശ്രീ. ദിലീപ് കുമാർ RO,ഹെഡ് വർക്ക് ഡിവിഷൻ അരുവിക്കര
15.ശ്രീ.ദിപു LDC, പി എച്ച് ഡിവിഷൻ മലപ്പുറം
16. ശ്രീ. അനിൽ രാജ് DAO ,വാട്ടർ സപ്ലൈ ഡിവിഷൻ നെയ്യാറ്റിൻകര
17. ശ്രീ.J. ഷാജി RO,PH ഡിവിഷൻ ഇടപ്പാൾ
18. ശ്രീ. ജോർജ്ജ് നെൽസൺ RO,ഡിവിഷൻ ഇരിങ്ങാലക്കുട
19. ശ്രീ. ഹരികൃഷ്ണൻRO, PH ഡിവിഷൻ കടുത്തുരുത്തി
20.ശ്രീ. എ. പി .കെ .ബാലകൃഷ്ണൻ RO,PH ഡിവിഷൻ കണ്ണൂർ
21.ശ്രീ. മാത്യു വർഗീസ് RO,പി എച്ച് ഡിവിഷൻ ആറ്റിങ്ങൽ
22. ശ്രീ. പ്രദീപ് DAO,PH ഡിവിഷൻ മൂവാറ്റുപുഴ.
23. ശ്രീ. രാജേഷ് കുമാർ RO, പി എച് ഡിവിഷൻ കൊല്ലം
24. ശ്രീമതി. സുധ RO,PH ഡിവിഷൻ പത്തനംതിട്ട
25. ശ്രീമതി..സൈബിയ RO,PH ഡിവിഷൻ ആലപ്പുഴ
26.ശ്രീ. സതീഷ് ചന്ദ്ര ബോസ് RO,PH ഡിവിഷൻ തൊടുപുഴ

Draft #3 of File KWA/HO/RMC/R1/670/2021 Approved by Managing Director on 28-Jun-2021 06:12 PM - Page 3

27.ശ്രീമതി. സബീന DAO,PH ഡിവിഷൻ സുൽത്താൻബത്തേരി

28. ശ്രീമതി. ഷൈലജ DAO, പി എച്ച് ഡിവിഷൻ വടകര

29. ശ്രീമതി. യശോദാ RO,PH ഡിവിഷൻ തൃശ്ശൂർ

30. ശ്രീമതി.ജയശ്രീ DAO PH ഡിവിഷൻ കൊട്ടാരക്കര

31. ശ്രീ. V.G. ജോസഫ് SS, ആർ എം സി

32. ശ്രീ. ഷാനവാസ് എം യു ഡി സി ,ആർ എം സി

33. ശ്രീ. അനീഷ് ദേവസി ജൂനിയർ സൂപ്രണ്ട്, ആർ എം സി

34. ശ്രീ. സർഫ്രാസ് യു ഡി സി, ആർ എം സി

35. ശ്രീ. അർഷാദ് എച്ച് യു ഡി സി, ആർ എം സി

36.ശ്രീ. സുകു.K . ജേക്കബ് എൽ ഡി സി ,ആർ എം സി

Venkatesapathy S. IAS
Managing Director

Draft #3 of File KWA/HO/RMC/R1/670/2021 Approved by Managing Director on 28-Jun-2021 06:12 PM - Page 4

The document is digitally approved. Hence signature is not needed.

Draft #3 of File KWA/HO/RMC/R1/670/2021 Approved by Managing Director on 28-Jun-2021 06:12 PM - Page 5